DESPATCHED
On.23/3/22

18/3/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 991(2)/2017**/എസ്.ഐ.സി.തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **6095**/എസ്.ഐ.സി-ജി **6/2017**)

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. കെ. ഹരിദാസൻ നായർ,
സിത്താര,
ചേളന്നൂർ,
കോഴിക്കോട് – 673 616.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ജില്ലാ സപ്ലൈ ഓഫീസർ, കോഴിക്കോട്.
2. അപ്പീൽ അധികാരി & റേഷനിംഗ് കൺട്രോളർ – ഇൻചാർജ്, സിവിൽ സപ്ലൈസ് കമ്മീഷണറുടെ കാര്യാലയം, തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 10/02/2017 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 27/02/2017 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 15/03/2017 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 30/03/2017 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 03/05/2017 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 05/05/2017 |
| ഹിയറിംഗ് നടന്ന തീയതി | 08/03/2022 – ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. കെ. ഹരിദാസൻ നായർ 03/05/2017 തീയതി സമർപ്പിച്ച അപ്പീൽ ഹർജി 05/05/2017 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No. 991(2)/2017/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ല എന്ന ആക്ഷേപമാണ്.

3. ഒന്നാം എതിർകക്ഷി മുമ്പാകെ 10.02.2017 തീയതി സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് 2016 നവംബർ വരെ ടിയാന്റെ റേഷൻ കാർഡിൽ 2 രൂപയ്ക്ക് വാങ്ങി കൊണ്ടിരിക്കുന്ന ഭക്ഷ്യ ധാന്യങ്ങൾ 2017 ജനുവരി മുതൽ 9 രൂപയ്ക്കാണ് കിട്ടിക്കൊണ്ടിരിക്കുന്നത് ആയതിന്റെ താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കണമെന്നാണ്:

1. ടിയാന്റെ ഭക്ഷ്യധാന്യങ്ങൾ 9 രൂപയാക്കുവാനുള്ള കാരണം എന്തെന്നും
2. തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിൽ കാർഡുള്ള ടിയാനെ ടി പദ്ധതിയിൽ ഉൾപ്പെട്ട ആളുകൾക്ക് ആനുകൂല്യങ്ങൾക്ക് ഉള്ള അർഹത ഉണ്ടോ എന്നും
3. ഇപ്പോഴുള്ള ടി സ്ഥിതിയിൽ നിന്ന് പൂർവ്വ സ്ഥിതിയിലേക്ക് ആക്കുവാൻ ഉള്ള അധികാരം ആർക്കാണെന്നും
4. ബന്ധപ്പെട്ട അധികാരിക്ക് ടി പരാതി സമർപ്പിക്കാമോ എന്നുമാണ്.

മേൽപ്പടി ഹർജിയിന്മേൽ 27/02/2017-ന് ഒന്നാം എതിർകക്ഷി ഹർജിക്കാരന് മറുപടിയും നൽകിയിട്ടുണ്ട്.

4. 15/03/2017 തീയതി ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിക്ക് 30/03/2017-ന് നൽകിയ മറുപടിയും നൽകിയിട്ടുണ്ട്.

5. 23/05/2017 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ 10/02/2017 തീയതിയായി ജില്ലാ സപ്ലൈ ഓഫീസർ കോഴിക്കോട് 4 ചോദ്യങ്ങൾ അടങ്ങിയ വിവരാവകാശ അപേക്ഷ സമർപ്പിക്കുകയും ആയതിന് എസ്.പി.ഐ.ഒ സമയ പരിധിക്കുള്ളിൽ കൃത്യമായ മറുപടി അപേക്ഷകന് നൽകിയെന്നും ആയത് ലഭിച്ചിട്ടില്ലെന്നു അപേക്ഷകൻ അറിയിച്ചപ്പോൾ വീണ്ടും ഒരു പകർപ്പ് 30/03/2017-ന് നൽകിയിട്ടുമുണ്ടെന്നും, വിവരാവകാശ അപേക്ഷയ്ക്ക് ലഭിച്ച മറുപടിയിന്മേൽ തൃപ്തനല്ലാത്തതിനാൽ ടിയാൻ ടി കാര്യാലയ ത്തിൽ ഒന്നാം അപ്പീൽ ഹർജി സമർപ്പിക്കുയും ആയത് 11/04/2017-ൽ ടി കാര്യാലയത്തിൽ ലഭിക്കുകയും ചെയ്തുവെന്നും, ടി അപ്പീൽ ഹർജിക്കുമേൽ ജില്ലാ സപ്ലൈ ഓഫീസർ കോഴിക്കോടിൽ നിന്നും വിശദമായ റിപ്പോർട്ട് വാങ്ങി അപ്പീൽ ഹർജി പരിശോധിച്ചുവെന്നും, പരിശോധിച്ചതിൽ ടിയാന്റെ അപേക്ഷയിൽ ആരാഞ്ഞ വിവര ങ്ങൾക്ക് എസ്.പി.ഐ.ഒ കൃത്യമായി മറുപടി നൽകിയതായി കാണുന്നുവെന്നും,

അപേക്ഷയിൽ ആരാഞ്ഞതിൽ നിന്നും വ്യത്യസ്തമായ വിവരങ്ങളാണ് അപ്പീലിൽ ഉന്നയിച്ചിരിക്കുന്നതെന്നും അപ്പീൽ വാദിയുടെ റേഷൻ കാർഡ്, നിലവിൽ നോൺ പ്രയോറിറ്റി, നോൺ സബ്സിഡി വിഭാഗത്തിലാണുപ്പെടുന്നതെന്നും, ആയത് മാറ്റി നൽകണമെന്നും ടിയാന്റെ റേഷൻ കാർഡ് പുതുക്കലിന് മുമ്പ് ഉണ്ടായിരുന്ന വിഭാഗത്തിൽ ഉൾപ്പെടുത്തുവാൻ എന്താണ് ചെയ്യേണ്ടതെന്നുമാണ് അപ്പീലിലെ ആവശ്യമെന്നും, ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013 നടപ്പിലാക്കുന്നതിനായി മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനായി റേഷൻ കടകൾ വഴി വിതരണം ചെയ്ത പ്രീ പോപ്പുലേറ്റഡ് ഫോറങ്ങൾ വഴി ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി നടത്തി സർക്കാർ നിശ്ചയിച്ച റാങ്കിംഗ് മാനദണ്ഡങ്ങൾ പ്രകാരം കരട് പട്ടിക പ്രസിദ്ധീകരിക്കുകയും ആയതിൽ ഉള്ള പരാതി വെരിഫിക്കേഷൻ കമ്മിറ്റി മുമ്പാകെ ബോധിപ്പിക്കാനും, കമ്മിറ്റിയുടെ തീരുമാനത്തിൽ ആക്ഷേപമോ പരാതിയോ ഉണ്ടെങ്കിൽ ആയത് വീണ്ടും ജില്ലാതലത്തിൽ നൽകുവാനും അവസരം നൽകിയതിനുശേഷമാണ് അന്തിമ പട്ടിക പ്രസിദ്ധപ്പെടുത്തിയതെന്നും, ഇതിലും പരാതിയുള്ളവർക്ക് ബന്ധപ്പെട്ട അധികാരിയ്ക്ക് പരാതി നൽകുവാൻ കഴിയുമെന്നും, ടി കാര്യാലയത്തിലെ 11/04/2017-ലെ ഉത്തരവ് പ്രകാരം കാർഡിലെ പരാതികൾ സംബന്ധിച്ച് ബന്ധപ്പെട്ട ജില്ലാ സപ്ലൈ ഓഫീസർക്ക് രേഖാമൂലം പരാതി നൽകി പരിഹാരം തേടേണ്ടതാണെന്നു അറിയിച്ചിട്ടുണ്ടെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും റിപ്പോർട്ടും പരിശോധിച്ചതിലും ഇരുകക്ഷികളെ കേട്ടതിലും, ഒന്നാം എതിർകക്ഷിയുടെ 10/03/2022-ലെ റിപ്പോർട്ട് പരിശോധിച്ചതിൽ ഹർജിക്കാരൻ അംഗമായിട്ടുള്ള 2159039492-ലെ വിവരങ്ങൾ പ്രകാരം ടിയാൾ സർവ്വീസ് പെൻഷണറാണ് എന്നാണ് കാണുന്നതെന്നും, ടിയാൾ ഇ.പി.എഫ് പെൻഷണറാണെങ്കിൽ റേഷൻ കാർഡിൽ തിരുത്തൽ വരുത്തുന്നതിനുള്ള അപേക്ഷ ഓൺലൈനായി സമർപ്പിക്കേണ്ടതാണെന്നുമാണ്. പ്രസ്തുത റിപ്പോർട്ട് അംഗീകരിച്ചു കൊണ്ട് ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 മാർച്ച് 18-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

AV